നിയമസഭാ നടപടികൾ

അഞ്ചാം കേരള നിയമസഭ

ആറാം സമ്മേളനം

1979 ഒക്ടോബർ 29, തിങ്കൾ

വാല്യം XLVIII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 15

നിയമസഭ 1979 ഒക്ടോബർ 29-ാം തീയതി തിങ്കളാഴ്ച രാവിലെ 8-30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. ചരമോപചാരം

തിരു-കൊച്ചി നിയമസഭയിൽ അംഗമായിരുന്ന ശ്രീ. എ. ഈശ്വരപിള്ളയുടെ നിര്യാണം

മി. സ്പീക്കർ: ഓർഡർ, ഓർഡർ. തിരു-കൊച്ചി നിയമസഭയിൽ അംഗമായിരുന്ന ശ്രീ. എ. ഈശ്വരപിള്ള ഇക്കഴിഞ്ഞദിവസം നിര്യാതനായ വിവരം ബഹുമാനപ്പെട്ട അംഗങ്ങൾ അറിഞ്ഞിരിക്കുമല്ലോ. അദ്ദേഹം ഈ സഭയിലെ അംഗമായ ബഹുമാനപ്പെട്ട ഇ. ചന്ദ്രശേഖരൻ നായരുടെ പിതാവാണ്. ദീർഘകാലത്തെ പൊതുക്കാര്യപ്രവർത്തനങ്ങളുടെ ഉടമയായ ശ്രീ. ഈശ്വരപിള്ള കൊട്ടാരക്കര താലൂക്കിലെ പൊതുജനങ്ങൾക്ക് മറക്കാനാകാത്ത ഒരു വ്യക്തിയായിരുന്നു. സ്വാതന്ത്ര്യലബ്ധിക്കുശേഷം നിലവിൽ വന്ന തിരുവിതാംകൂർ നിയമസഭയിലും അതിനുശേഷമുണ്ടായ തിരു-കൊച്ചി നിയമസഭയിലും അദ്ദേഹം കൊട്ടാരക്കര നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ചിരുന്നു. ഒരു നിയമസഭാംഗമെന്ന നിലയിൽ അദ്ദേഹത്തിന്റെ പ്രവർത്തനം ആരിലും മതിപ്പുളവാക്കിയിരുന്നു. എൻ. എസ്. എസ്. ഡയറക്ടർ ബോർഡ് അംഗം, എൻ. എസ്. എസ്. യൂണിയൻ പ്രസിഡന്റ്, കൊട്ടാരക്കര ബാർ അസോസിയേഷൻ പ്രസിഡന്റ്, കൊട്ടാരക്കര താലൂക്ക് അർബൻ ബാങ്ക് പ്രസിഡന്റ് തുടങ്ങിയ വിവിധ നിലകളിൽ അദ്ദേഹം വളരെക്കാലം സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. വിദ്യാഭ്യാസരംഗത്തും ശ്രീ. ഈശ്വരപിള്ളയുടെ സേവനം വളരെ വിലപ്പെട്ടതായിരുന്നു. രാഷ്ട്രീയ സാമൂഹ്യ വിദ്യാഭ്യാസമണ്ഡലങ്ങളിൽ ദീർഘകാലം വിലപ്പെട്ട സേവനം അർപ്പിച്ചിട്ടുള്ള ശ്രീ. ഈശ്വരപിള്ളയുടെ ദേഹവിയോഗത്തിൽ ഈ സഭയ്ക്കുള്ള അഗാധമായ ദുഃഖം ശ്രീ. ചന്ദ്രശേഖരൻ നായരേയും കുടുംബാംഗങ്ങളേയും അറിയിക്കാൻ ഈ അവസരം ഞാൻ വിനിയോഗിക്കുന്നു. ശ്രീ. ഈശ്വരപിള്ളയുടെ നിര്യാണത്തിൽ ഈ സഭയ്ക്കുള്ള അഗാധമായ വ്യസനം രേഖപ്പെടുത്താൻവേണ്ടി നമുക്ക് രണ്ടു മിനിട്ട് എഴുന്നേറ്റുനിൽക്കാം.

(പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്നു മൗനം ആചരിച്ചു).

LIBRARY ARCHIVES Kerala Legislative Assembly